പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2755 — 20.07.2011-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന് ലഭിക്കുന്ന വൈദ്യുതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന് കേന്ദ്രപൂളിൽ നിന്നും ഒറീസയിലെ താൽച്ചർ താപ വൈദ്യുതി നിലയത്തിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ അളവിൽ വന്ന കുറവ് സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കാരണമായേക്കുമോ ; | (എ) സംസ്ഥാനത്തിന് കേന്ദ്രപൂളിൽ നിന്നും ഒറീസയിലെ താൽച്ചർ താപ വൈദ്യുതി നിലയത്തിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ അളവിൽ കുറവ് ഉണ്ടായിരുന്നെങ്കിലും സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നില്ല. ഈ കുറവ് നികത്തുന്നതിനായി, കുറവ് വന്ന വൈദ്യുതി മറ്റ് സംസ്ഥാനങ്ങളിലുള്ള ഉൽപാദകരിൽ നിന്നും ട്രേഡർമാർ/പവർ എക്സ്ചേഞ്ച് വഴി അധികമായി വാങ്ങിയിട്ടുണ്ട്. അതിനാൽ വൈദ്യുതി നിയന്ത്രണം ആവശ്യമായി വന്നില്ല. |
| (ബി) കുറവ് നികത്താൻ പുറത്തുനിന്നും കൂടിയ വിലക്ക് വൈദ്യുതി വാങ്ങേണ്ട സാഹചര്യമുണ്ടോ ; എങ്കിൽ ആയത് ബോർഡിനു സാമ്പത്തിക ബുദ്ധിമുട്ട് സൃഷ്ടിക്കുമോ ; | (ബി) കുറവ് നികത്തുന്നതിനായി, പുറത്തുനിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയിട്ടുണ്ട്. ഇതിനുവേണ്ടി ഏകദേശം 14.16 കോടി രൂപയോളം ബോർഡിന് അധികമായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. |
| (സി) പ്രതിസന്ധി പരിഹരിക്കാൻ ഉൽപ്പാദനം വർദ്ധപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ ? | (സി) പ്രതിസന്ധി പരിഹരിക്കുന്നതിനായി പുറത്തുനിന്ന് കൂടിയ വിലയ്ക്ക് അധിക വൈദ്യുതി വാങ്ങിയതിനു പുറമേ, ബ്രഹ്മപുരം ഡീസൽ പവ്വർ പ്രോജക്ട് ഒരു ദിവസം വൈകുന്നേരം പീക്ക് സമയത്ത് ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. മറ്റ് ജലവൈദ്യുത നിലയങ്ങളിലും ഉൽപാദനം വർദ്ധിപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.